കേരളകൗമുദി
14 മാർച്ച് 2018 ബുധൻ
തിരുവനന്തപുരം

അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi

ചെറുവയ്ക്കൽ ശാഖ

തിരുവനന്തപുരം: എസ്.എൻ.ഡി.പി യോഗം പത്രാധിപർ കെ. സുകുമാരൻ സ്മാരക തിരുവനന്തപുരം യൂണിയൻ പരിധിയിൽ വരുന്ന ചെറുവയ്ക്കൽ ശാഖയിൽ ആശ്രിത പെൻഷൻ, വിദ്യാഭ്യാസ ധനസഹായം എന്നിവയ്ക്ക് അർഹരായിട്ടുള്ളവർ ചതയദിനത്തിൽ വൈകിട്ട് 6.30ന് ശാഖാ ഹാളിൽ എത്തിച്ചേരണം. ചതയപൂജയോടനബന്ധിച്ച് പായസ വിതരണവും ഉണ്ടായിരിക്കുമെന്ന് ശാഖാ അഡ്മിനിസ്ട്രേറ്റർ വട്ടവൊത്ത് വി. പ്രസാദ് അറിയിച്ചു.

ചതയദിന അന്നദാനം

തിരുവനന്തപുരം: എസ്.എൻ.ഡി.പി യോഗം പത്രാധിപർ കെ. സുകുമാരൻ സ്മാരക തിരുവനന്തപുരം യൂണിയന്റെ ചതയദിന അന്നദാനഫണ്ടിലേക്ക് അനുരാജ്, വിഷ്ണു ഇവരുടെ നാലാം ചരമവാർഷികത്തോടനബന്ധിച്ച് ആനയറ ശ്രീനന്ദനത്തിൽ രാജു 2000 രൂപ സംഭാവന ചെയ്തതായി യൂണിയൻ കൺവീനർ ആലുവിള അജിത്ത് അറിയിച്ചു.

എൻ.എസ്.എസ് മേഖലാ സംയുക്തസമ്മേളനം

തിരുവനന്തപുരം: എൻ.എസ്.എസ് തിരുവനന്തപുരം താലൂക്ക് യൂണിയന്റെ കീഴിലുള്ള കണ്ണമ്മൂല, ആറ്റുകാൽ മേഖലകളുടെ സംയുക്തസമ്മേളനം യൂണിയൻ വൈസ് പ്രസിഡന്റ് എം. വിനോദ്കുമാർ ഉദ്ഘാടനം ചെയ്തു. ആറ്റുകാൽ മേഖലാ കൺവീനർ വി.എസ്.കെ. നായർ അദ്ധ്യക്ഷതവഹിച്ചു. യൂണിയൻ സെക്രട്ടറി ടി.എസ്. നാരായണൻകുട്ടി, വനിതാ യൂണിയൻ പ്രസിഡന്റ് എം. ഈശ്വരിഅമ്മ, കണ്ണമ്മൂല മേഖലാ കൺവീനർ കെ. ആർ. വിജയകുമാർ, വിജു വി. നായർ എന്നിവർ പ്രസംഗിച്ചു.

കെ.പി.എം.എസ് യൂണിയൻ സമ്മേളനം

തിരുവനന്തപുരം: കേരള പുലയർ മഹാസഭ കഴക്കൂട്ടം ഏരിയാ യൂണിയൻ വാർഷിക സമ്മേളനം പഞ്ചമി സംസ്ഥാന കോ ഓർഡിനേറ്റർ ദേവരാജ് പാറശാല ഉദ്ഘാടനം ചെയ്തു. സംസ്ഥാന കമ്മിറ്റി അംഗങ്ങളായ ആലംകോട് സുരേന്ദ്രൻ, മാവർത്തലക്കോണം വിജയകുമാർ, ജില്ലാ നേതാക്കളായ സി.എം. ഫിലിപ്. സോമൻ, പാങ്ങപ്പാറ രാധാമണി പുല്ലുകാട്, ഗോപൻ കാര്യവട്ടം, രതീഷ് കുമാരി, ദീപ തൃപ്പാദം എന്നിവർ പ്രസംഗിച്ചു.

ഭാരവാഹികളായി കുഴിവിള സുധീർ (പ്രസിഡന്റ്), വാറുകാട് പ്രദീപ്, സുരേഷ്ബാബു (വൈസ് പ്രസിഡന്റുമാർ), ബിനുകഴക്കൂട്ടം സെക്രട്ടറി, ലാൽജി, ഗോപൻ കുളത്തൂർ (ജോയിന്റ് സെക്രട്ടറിമാർ), തോപ്പിൽ അജി (ട്രഷറർ), സുനിചന്ദ്രൻ, രഞ്ജിത്ത്, ചന്ദ്രൻ കെ. ചെല്ലം, ഗംഗൻജി. തൃപ്പാദപുരം, സാജു കുറവല്ല, സെൽവരാജൻ അർക്കോണം, സന്തോഷ് കുമാർ മൺവിള, സത്യൻ വലിയവേളി (കമ്മിറ്റി അംഗങ്ങൾ) എന്നിവരെ തിരഞ്ഞെടുത്തു.

വൈദ്യുതി മുടങ്ങും

തിരുവനന്തപുരം: വെള്ളയമ്പലം സെക്ഷന്റെ പരിധിയിലുള്ള കനകനഗർ പരിസര പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറിൽ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ ഇന്ന് രാവിലെ 9 മുതൽ വൈകിട്ട് 3 വരെയും വട്ടിയൂർക്കാവ് സെക്ഷന്റെ പരിധിയിലെ പാണാങ്കര, വെള്ളൈക്കടവ് പ്രദേശങ്ങളിൽ രാവിലെ 9 മുതൽ വൈകിട്ട് 5 വരെ വൈദ്യുതി തടസപ്പെടും.

തൈക്കാട് സെക്ഷന്റെ പരിധിയിലുള്ള പനമ്പഴഞ്ഞി ട്രാൻസ്ഫോർമറിൽ പണിനടക്കുന്നതിനാൽ ഈശ്വരവിലാസം, പഞ്ചമി ഗാർഡൻസ്, ജഗതി കൃഷ്ണൻകോവിൽ, എന്നിവിടങ്ങളിൽ നാളെ രാവിലെ 9 മുതൽ വൈകിട്ട് 5 വരെ വൈദ്യുതി തടസപ്പെടും. പെരിങ്ങമ്മല സെക്ഷന്റെ പരിധിയിലുള്ള പ്രദേശങ്ങളിൽ 11 കെ.വി ലൈനിൽ പണി നടക്കുന്നതിനാൽ 23 വരെ രാവിലെ 9 മുതൽ വൈകിട്ട് 5 വരെ വൈദ്യുതി ഭാഗികമായോ പൂർണമായോ തടസപ്പെടും.

മാർച്ച് നടത്തി

തിരുവനന്തപുരം: സംസ്ഥാന ചെറുകിട റൈസ്, ഫ്ലവർ ആൻഡ് ഓയിൽ മില്ലേഴ്സ് അസോസിയേഷൻ സെക്രട്ടേറിയറ്റ് മാർച്ച് നടത്തി. ചെറുകിട മില്ലുടമകളെ ഇ.എസ്.എയിൽ ഉൾപ്പെടുത്തുക, ഗോതമ്പ് പൊടിച്ച് ആട്ടയാക്കി വിതരണം ചെയ്യാനുള്ള സംസ്ഥാന സർക്കാർ തീരുമാനം പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചായിരുന്നു മാർച്ച്. ജോണി നെല്ലൂർ മാർച്ച് ഉദ്ഘാടനം ചെയ്തു. അസോസിയേഷൻ പ്രസിഡന്റ് വി.എസ്. അൻവർ, ജനറൽ സെക്രട്ടറി പി.എൽ. ഹരിലാൽ, ട്രഷറർ ജെ.സി. ബാബു, ഭാരവാഹികളായ എൻ.കെ. ഹരീന്ദ്രൻ, കെ.കെ. വിശ്വംഭരൻ, ടി. ശശീന്ദ്രൻ, സി.എം. തോമസ് തുടങ്ങിയവർ സംസാരിച്ചു.

പൊലീസ് പ്രവർത്തനങ്ങളിൽ അധിക പരിശീലനം

തിരുവനന്തപുരം: പൊലീസ് പരിശീലന വിഭാഗത്തിന്റെ നേതൃത്വത്തിൽ ഇൻസ്പെക്ടർ റാങ്കിനു മുകളിലുള്ള ഉദ്യോഗസ്ഥർക്ക് പൊലീസ് ട്രെയിനിംഗിൽ അധിക പരിശീലനം നല്കുന്നു. പൊലീസ് ട്രെയിനിംഗ് കോളേജ്, പൊലീസ് അക്കാഡമി എന്നിവിടങ്ങളിലാണ് പരിശീലനം. താത്പര്യമുള്ള ഉദ്യോഗസ്ഥർ ബയോഡാറ്റയും ട്രെയിനിംഗിനായി താല്പര്യമുള്ള വിഷയങ്ങളും ഉൾപ്പെടെ dirkepa.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ അറിയിക്കണമെന്ന് ട്രെയിനിംഗ് എ.ഡി.ജി.പി ബി.സന്ധ്യ അറിയിച്ചു.

വൈദ്യുതിബില്ലിനെതിരെ ഇന്ന് രാജ്ഭവൻ മാർച്ച്

തിരുവനന്തപുരം: കേന്ദ്രസർക്കാർ കൊണ്ടുവരുന്ന പുതിയ വൈദ്യുതി ബിൽ പിൻവലിക്കണമെന്നാവശ്യപ്പെട്ട് നാഷണൽ കോ-ഓർഡിനേഷൻ കമ്മിറ്റി ഒഫ് ഇലക്ട്രിസിറ്റി എംപ്ലോയീസ് ആൻഡ് എൻജിനിയേഴ്സിന്റെ നേതൃത്വത്തിൽ ഇന്ന് വൈദ്യുതി ജീവനക്കാർ രാജ്ഭവൻ മാർച്ച് നടത്തും.

വൈദ്യുതി മേഖല സ്വകാര്യവത്കരിച്ച് കമ്പോളവത്കരിക്കുന്നതിനാണ് വൈദ്യുതി ഭേദഗതി ബിൽ ലക്ഷ്യമിടുന്നതെന്ന് ആൾ ഇന്ത്യ ഫെഡറേഷൻ ഒഫ് ഇലക്ട്രിസിറ്റി എംപ്ലോയീസ് ദേശീയ അഡിഷണൽ ജനറൽ സെക്രട്ടറി എ.എൻ. രാജൻ പറഞ്ഞു.

ഒരുവാതിൽക്കോട്ട ശ്രീദുർഗാ ഭഗവതി ക്ഷേത്രം

തിരുവനന്തപുരം: ഒരുവാതിൽക്കോട്ട ശ്രീദുർഗാഭഗവതി ക്ഷേത്രത്തിലെ മീനഭരണി മഹോത്സവം നാളെ തുടങ്ങി 21 ന് അവസാനിക്കും. നാളെ രാവിലെ 9 ന് കൊടിമര ഘോഷയാത്ര, വൈകിട്ട് 6.50 നും 7.30നും മദ്ധ്യേ തൃക്കൊടിയേറ്റ്, 7.30 മുതൽ നൃത്ത കലാസന്ധ്യ. രാത്രി 9ന് തോറ്റംപാട്ട് ആരംഭം.16ന് ഉച്ചയ്ക്ക് 12.30ന് അന്നദാനം, രാത്രി 9.15 നാടകം. 17ന് ഉച്ചയ്ക്ക് 12.30 മുതൽ സമൂഹസദ്യ, 9ന് തോറ്റംപാട്ട് (മാലപ്പുറം) തുടർന്ന് പുഷ്പാഭിഷേകം ഉണ്ടായിരിക്കും. 18ന് ഉച്ചയ്ക്ക് 12.30ന് അന്നദാനം, രാത്രി 9.15ന് നാടകം. 19ന് ഉച്ചയ്ക്ക് 12.30 മുതൽ കഞ്ഞിസദ്യ, വൈകിട്ട് 5.30 മുതൽ തോറ്റംപാട്ട് (കൊന്നുതോറ്റ്) നടക്കും. 20ന് രാവിലെ 9.40ന് പൊങ്കാല, ഉച്ചയ്ക്ക് 12.10ന് പൊങ്കാല നിവേദ്യം, 12.30ന് അന്നദാനം, രാത്രി 8ന് ഉരുൾ നേർച്ച, 9.35ന് ക്ലാസിക്കൽ ഡാൻസ്.

21ന് രാവിലെ 9.45ന് ദേവിയെ പുറത്തെഴുന്നള്ളിക്കുന്നു. വൈകിട്ട് 6.30ന് അലങ്കാര ദീപാരാധന, 7.30ന് വെൺപാലവട്ടം ശ്രീഭഗവതി ക്ഷേത്രത്തിൽ നിന്ന് ആരംഭിക്കുന്ന ഉത്സവ ഘോഷയാത്ര രാത്രി 11ന് ക്ഷേത്രത്തിൽ എത്തിച്ചേരും. രാത്രി 11.30 മുതൽ 'അഗ്നിപ്പൂക്കുഴി ' നടക്കും. തുടർന്ന് ഗുരുസിയോടുകൂടി ഉത്സവം സമാപിക്കും.

എയർപോർട്ട് മേഖലയിലെ നിർമ്മാണ പ്രതിസന്ധി പരിഹരിക്കാൻ

നഗരസഭ കൗൺസിൽ ഒറ്റക്കെട്ട്

- ലൈറ്റ് മെട്രോ അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് യു.ഡി.എഫ് അംഗങ്ങൾ സഭ ബഹിഷ്കരിച്ചു

തിരുവനന്തപുരം : കെട്ടിട നിർമ്മാണത്തിന് എയർപോർട്ട് എൻ. ഒ. സി വേണമെന്ന വ്യവസ്ഥ കർശനമാക്കിയതോടെ പ്രദേശവാസികൾക്കുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കാൻ നഗരസഭ കൗൺസിൽ ഒറ്റക്കെട്ടായി പ്രമേയം പാസാക്കി. കേന്ദ്ര സർക്കാരിന്റെ പരിധിയിൽ ഉൾപ്പെടുന്ന വിഷയമായതിനാൽ പ്രമേയം സംസ്ഥാന സർക്കാരിലൂടെ കേന്ദ്ര സർക്കാരിന് കൈമാറും. ഇന്നലെ ചേർന്ന കൗൺസിലിൽ മേയർ വി.കെ. പ്രശാന്താണ് ഔദ്യോഗിക പ്രമേയം അവതരിപ്പിച്ചത്. 17 മാസം മുമ്പ് എയർപോർട്ട് അതോറിട്ടി തദ്ദേശസ്വയം ഭരണ വകുപ്പ് സെക്രട്ടറിക്ക് രേഖാമൂലം അറിയിപ്പ് നൽകിയെങ്കിലും നഗരസഭയ്ക്ക് അറിയിപ്പ് ലഭിക്കാൻ വൈകിയതാണ് പ്രതിസന്ധിക്ക് ഇടയാക്കിയതെന്ന് മേയർ സഭയെ അറിയിച്ചു. തുടർന്ന് സംസാരിച്ച കക്ഷി നേതാക്കൾ പ്രമേയത്തെ അനുകൂലിച്ചു. പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയിൽ ഉൾപ്പെട്ട പാവപ്പെട്ടവർ പോലും ദുരിതം പേറുകയാണെന്ന് അംഗങ്ങൾ പറഞ്ഞു.

കേന്ദ്ര സർക്കാരിനെ സമീപിക്കാനുള്ള നടപടിക്രമങ്ങൾ അനന്തമായി നീളരുതെന്ന് യു. ഡി. എഫ് അംഗം ബീമാപള്ളി റഷീദ് ആവശ്യപ്പെട്ടു. ദിവസങ്ങൾക്കുള്ളിൽ പരിഹാരമുണ്ടായില്ലെങ്കിൽ ജനങ്ങൾക്കൊപ്പം സമരരംഗത്തിറങ്ങുമെന്നും അദ്ദേഹം പറഞ്ഞു. എയർപോർട്ട് അതോറിട്ടിയുടെ നിർദ്ദേശം യഥാസമയം കൈമാറാത്തതിന് തദ്ദേശസ്വയംഭരണവകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ നടപടി ആവശ്യപ്പെടണമെന്ന് ബി.ജെ.പി നേതാവ് വി.ജി. ഗിരികുമാർ ആവശ്യപ്പെട്ടു. എൻ.ഒ.സി കർശനമാക്കിയതോടെ എയർപോർട്ട് മേഖയിൽ ഉൾപ്പെടുന്ന ഫോർട്ട് സോണലിന്റെ പരിധിയിലെ 20 വാർഡുകളിലെ ജനങ്ങൾ പ്രതിഷേധവുമായി രംഗത്തെത്തിയിരുന്നു. തുടർന്ന് തിങ്കളാഴ്ച മേയറുടെ അദ്ധ്യക്ഷതയിൽ എയർപോർട്ട് അധികൃതരുടെയും കൗൺസിലർമാരുടെയും യോഗം ചേർന്നിരുന്നു. യോഗത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ കഴിയാത്തതിനാലാണ് ഔദ്യോഗിക പ്രമേയം പാസാക്കിയത്.

ലൈറ്റ് മെട്രോ: കൗൺസിലിലും കലഹം

തിരുവനന്തപുരം: ലൈറ്റ് മെട്രോ പദ്ധതിയെ ചൊല്ലി നഗരസഭ കൗൺസിൽ യോഗത്തിലും കലഹം. യു.ഡി.എഫ് നേതാവ് ഡി. അനിൽകുമാറിന്റെ അടിയന്തര പ്രമേയത്തിന് മേയർ അനുമതി നിഷേധിച്ചതോടെ യു.ഡി.എഫ് അംഗങ്ങൾ നടുത്തളത്തിലിറങ്ങി. ഒരു മണിക്കൂറോളം മുദ്രാവാക്യം വിളിച്ച അംഗങ്ങൾ സഭ ബഹിഷ്കരിച്ച് ഇറങ്ങിപ്പോയി.

ലൈറ്റ് മെട്രോ പദ്ധതി നടത്തിപ്പിൽ നിന്ന് ഇ. ശ്രീധരൻ പിന്മാറിയ സാഹചര്യം തലസ്ഥാനവാസികൾക്ക് നാണക്കേടുണ്ടാക്കിയെന്നും വിഷയം കൗൺസിൽ യോഗം നിറുത്തിവച്ച് ചർച്ചചെയ്യണമെന്നും യു.ഡി.എഫ് ആവശ്യപ്പെട്ടു.

നഗരസഭയുടെ വിയോജിപ്പ് സർക്കാരിനെ അറിയിക്കണമെന്നും അനിൽകുമാർ ആവശ്യപ്പെട്ടു. എയർപോർട്ട് വിഷയത്തിൽ മേയർ ഔദ്യോഗിക പ്രമേയം അവതരിപ്പിച്ചതിന് പിന്നാലെയായിരുന്നു യു.ഡി.എഫ് അടിയന്തര പ്രമേയത്തിന് അനുമതി തേടിയത്. എന്നാൽ അജൻഡ പരിഗണിച്ച ശേഷം സമയം അനുവദിക്കാമെന്ന നിലപാടിലായിരുന്നു മേയർ. യു.ഡി.എഫ് അംഗങ്ങൾ അതിന് വഴങ്ങാതായതോടെ അജൻഡയിലെ വിഷയങ്ങൾ അവതരിപ്പിക്കാൻ മേയർ നിർദ്ദേശിച്ചു. തുടർന്ന് നടുത്തളത്തിലിറങ്ങിയ അംഗങ്ങൾ ഒരു മണിക്കൂറോളം മുദ്രാവാക്യം വിളിച്ച ശേഷം സഭ ബഹിഷ്കരിക്കുന്നതായി അറിയിച്ചു.

ഷീ ലോഡ്ജ്

- പഠനം, തൊഴിൽ, പരിശീലനം എന്നീ ആവശ്യങ്ങൾക്കായി യാത്ര ചെയ്യുന്ന സ്ത്രീകൾക്ക് താമസം
- ഗുണനിലവാരമുള്ള കട്ടിലുകൾ, കിടക്ക, തലയിണ, ബെഡ്ഷീറ്റ്, ലൈറ്റ്, ഫാൻ, വെള്ളം
- നടത്തിപ്പ് ചുമതല കുടുംബശ്രീ സംരംഭക യൂണിറ്റിന്
- ഡോർമിറ്ററി, എ.സി, നോൺ എ.സി, ഡീലക്സ് എന്നിങ്ങനെയാണ് മുറികൾ
- താമസക്കാർക്ക് ഭക്ഷണ സൗകര്യം
- മുലയൂട്ടുന്ന അമ്മമാർ, ശാരീരിക വെല്ലുവിളി നേരിടുന്നവർ, പ്രായമായ സ്ത്രീകൾ എന്നിവർക്ക് പ്രത്യേക പരിഗണന
- അടിയന്തര ഘട്ടങ്ങളിൽ വൈദ്യസഹായം ലഭ്യമാക്കും
- സ്ത്രീകൾക്കൊപ്പമുള്ള 12 വയസിൽ താഴെയുള്ള ആൺകുട്ടികളെ പ്രവേശിപ്പിക്കും
- താമസക്കാർക്ക് യാത്രയ്ക്ക് ആവശ്യമെങ്കിൽ ഷീ ടാക്സി ഏർപ്പാടാക്കും
- വസ്തുവക സൂക്ഷിക്കാൻ പ്രത്യേക സംവിധാനം
- വസ്ത്രം അലക്കി വൃത്തിയാക്കി നൽകാനുള്ള ക്രമീകരണം ഉണ്ടാകും
- കുടുംബശ്രീ വെബ്സൈറ്റിലൂടെ റൂം ബുക്ക് ചെയ്യാൻ ഓൺലൈൻ സംവിധാനം ഒരുക്കും

പ്രമേയത്തിലെ നിർദ്ദേശങ്ങൾ

- റെഡ്സോണിൽ രണ്ടുനില വരെയുള്ള റസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് അനുമതി നൽകാൻ കോർപറേഷനെ അനുവദിക്കണം
- നിലവിൽ പണി പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് എൻ.ഒ.സി ബാധകമാക്കാതെ ഒക്കുപ്പൻസി നൽകണം
- ഈ സ്ഥലങ്ങളിൽ നിർമ്മാണത്തിന് എൻ.ഒ.സി നൽകാൻ വസ്തുവിന്റെ കോ ഓർഡിനേറ്റുകളും ഉയരവും എയർപോർട്ട് അതോറിട്ടി പരിശോധിക്കുന്ന സോഫ്ട്‌വെയർ നഗരസഭയ്ക്കും ലഭ്യമാക്കണം
- എൻ.ഒ.സി ലഭ്യമാക്കുന്നതിനുള്ള പരമാവധി സമയം 15 ദിവസമാക്കണം
- സൈറ്റ് വിലയിരുത്തുന്ന എൻജിനിയർമാരും സർവേയറും ആരാണെന്ന ലിസ്റ്റ് നഗരസഭയ്ക്ക് കൈമാറണം
- എയർപോർട്ട് അതോറിട്ടി അവതരിപ്പിച്ച മാപ്പിൽ സർവേ നമ്പർ കൂടി ഉൾപ്പെടുത്തണം

മേൽനോട്ടം

ഷീ ലോഡ്ജിന്റെ പ്രവർത്തനത്തിന്റെ മേൽനോട്ടം വഹിക്കുന്നത് മേയർ ചെയർമാനും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ വർക്കിംഗ് ചെയർപേഴ്സണും നഗരസഭ സെക്രട്ടറി കൺവീനറുമായ സമിതി ആയിരിക്കും. 5 വനിത കൗൺസിലർമാർ, ഹെൽത്ത് ഓഫീസർ, സൂപ്രണ്ടിംഗ് എൻജിനിയർ, റവന്യൂ ഓഫീസർ, പ്രോജക്ട് ഓഫീസർ, കുടുംബശ്രീ സി. ഡി. എസ് ചെയർപേഴ്സൺമാർ, പൊലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ, രണ്ടു വനിതാ സന്നദ്ധ പ്രവർത്തകർ എന്നിവരും സമിതിയിൽ അംഗങ്ങളായിരിക്കും.

സ്ത്രീകൾക്കായി ശ്രീകണ്ഠേശ്വരത്ത് ഷീ ലോഡ്ജ്

നഗരത്തെ സ്ത്രീ സൗഹൃദ നഗരമാക്കുകയെന്ന ലക്ഷ്യത്തോടെ സ്ത്രീകൾക്ക് വിശ്രമിക്കാനും സുരക്ഷിതമായി താമസിക്കാനും നഗരസഭ ഷീ ലോഡ്ജ് തുടങ്ങുന്നു. ശ്രീകണ്ഠേശ്വരത്താണ് ഷീ ലോഡ്ജ് തുറക്കുന്നത്. ലോഡ്ജിന്റെ പ്രവർത്തന നിയമാവലി ഇന്നലെ ചേർന്ന കൗൺസിൽ യോഗം അംഗീകരിച്ചു. നഗരസഭയുടെ അധീനതയിലുള്ള ലോഡ്ജിന്റെ ഉടമസ്ഥാവകാശം പൂർണമായി നഗരസഭയ്ക്കായിരിക്കും. ലോഡ്ജ് പ്രവർത്തിക്കുന്നതിനുള്ള കെട്ടിടം, ഫർണിച്ചർ, ഉപകരണങ്ങൾ എന്നിവ നഗരസഭ ലഭ്യമാക്കും. മുറി വാടക നിശ്ചയിച്ച് നൽകുന്നതും നഗരസഭയായിരിക്കും.

നടുക്കം മാറാതെ വിഴിഞ്ഞം

വിഴിഞ്ഞം: കാറ്റ് വീശാനിടയുണ്ടെന്ന ആശങ്കയിൽ വിഴിഞ്ഞം തീരം ഉത്കണ്ഠയിലായി. മത്സ്യത്തൊഴിലാളികൾ ബോട്ടും വള്ളവും കടലിലിറക്കുന്നില്ല. ഏത് നിമിഷവും കാറ്റടിക്കുമെന്നും ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറേണ്ടിവരുമെന്നും ഭീതിയിലാണ് മത്സ്യത്തൊഴിലാളികൾ. മുന്നറിയിപ്പുമായി പൊലീസ് വാഹനങ്ങൾ ഇടവിട്ട് മൈക്ക് അനൗൺസ്മെന്റുകൾ നടത്തുന്നുണ്ട്.

മുന്നറിയിപ്പ് അവഗണിച്ച് കഴിഞ്ഞ ദിവസം വിഴിഞ്ഞത്തുനിന്ന് വള്ളമിറക്കി അമ്പത് നോട്ടിക്കൽ മൈൽ വരെ പോയ എട്ട് മത്സ്യത്തൊഴിലാളികളെയും തീരസംരക്ഷണസേന ഇന്നലെ വൈകിട്ടോടെ കരയ്ക്കെത്തിച്ചു.

ഇനി കടലിൽ ആരും അവശേഷിച്ചിട്ടില്ലെന്ന ആശ്വാസത്തിലാണ് അധികൃതർ. കേരളക്കരയിലേക്ക് വരുമെന്ന കാറ്റിന്റെ മുന്നറിയിപ്പ് അറിയാതെ കോവളത്തെത്തിയ അന്യസംസ്ഥാന സഞ്ചാരികൾ തീരത്തെ ലൈഫ് ഗാർഡുമാരെയും ടൂറിസം പൊലീസിനെയും വെള്ളം കുടിപ്പിച്ചു.

കാര്യങ്ങളറിയാതെ കടലിൽ കുളിക്കാൻ തയ്യാറെടുത്തവരെയും മണലിൽ കളിക്കാനെത്തിയവരെയും ബീച്ചിൽ നിന്ന് അകറ്റാൻ രാവിലെ മുതൽ അധികൃതർ പാടുപെട്ടു. ഏറെ ശാന്തമായിരുന്ന കടൽ ഇടവിട്ട് പ്രക്ഷുബ്ധമായതും ആശങ്കയ്ക്ക് ഇടയാക്കി.

തീരത്ത് കാത്തിരിക്കുന്ന മത്സ്യത്തൊഴിലാളികൾ

ബാലരാമപുരം ഗ്രാമപഞ്ചായത്ത് വികസന സെമിനാർ

ബാലരാമപുരം: ബാലരാമപുരം ഗ്രാമപഞ്ചായത്ത് വികസന സെമിനാർ അഡ്വ. എം. വിൻസെന്റ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് ആർ.എസ്.വസന്തകുമാരി അദ്ധ്യക്ഷത വഹിച്ചു. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ആർ.കെ.ബിന്ദു പദ്ധതി വിശദീകരണം നടത്തി.

ക്ഷേമകാര്യ ചെയർമാൻ കെ. ഹരിഹരൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശോഭന, ജില്ലാ പഞ്ചായത്ത് പൊതുമരാമത്ത് ചെയർപേഴ്സൺ അഡ്വ.എസ്.കെപ്രീജ, ബ്ലോക്ക് മെമ്പർ അഡ്വ. ഡി. സുരേഷ് കുമാർ, എ.എം. സുധീർ, ഹേമലത, മറ്റ് മെമ്പർമാർ, നിർവഹണ ഉദ്യോഗസ്ഥർ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, ആസൂത്രണ സമിതിയംഗങ്ങൾ, കുടുംബശ്രീ പ്രവർത്തകർ, അംഗൻവാടി പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

ടാഗോർ തിയേറ്ററിൽ വനിതാ ശിശുക്ഷേമ വകുപ്പിന്റെ വനിതാദിനാഘോഷത്തോടനുബന്ധിച്ച് അരങ്ങേറിയ 'ഹിഡിംബി' നാടകം - ഫോട്ടോ: ബി.സുമേഷ്

മലയാറ്റൂർ അസാധാരണ പ്രതിഭ: മന്ത്രി കെ. രാജു

തിരുവനന്തപുരം: വ്യത്യസ്ത മേഖലകളിൽ പ്രാഗല്ഭ്യം തെളിയിച്ച അസാധാരണ പ്രതിഭയായിരുന്ന മലയാറ്റൂർ രാമകൃഷ്ണനെന്ന് മന്ത്രി കെ. രാജു പറഞ്ഞു. മലയാറ്റൂർ സ്മാരക സമിതിയുടെ മലയാറ്റൂർ അവാർഡ് സമ്മാനിക്കുകയായിരുന്നു അദ്ദേഹം.

ഖമറുന്നീസയുടെ കൂട്ടുകാരി എന്ന കൃതിക്ക് സതീഷ് ബാബു പയ്യന്നൂർ മലയാറ്റൂർ അവാർഡും പകലാണിവൾ എന്ന കൃതിക്ക് ആര്യാ ഗോപി മലയാറ്റൂർ പ്രൈസും മന്ത്രിയിൽ നിന്ന് ഏറ്റുവാങ്ങി.

സതീഷ് ബാബു പയ്യന്നൂർ തനിക്ക് ലഭിച്ച കാഷ് അവാർഡ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് കൈമാറി. സമിതി ചെയർമാൻ ഡോ. വി.കെ. ജയകുമാർ അദ്ധ്യക്ഷത വഹിച്ചു. സമിതി രക്ഷാധികാരി കെ. ജയകുമാർ മുഖ്യപ്രഭാഷണം നടത്തി. എസ്. ദേവരാജൻ, മാത്ര രവി, അനീഷ് കെ. അയിലറ, കോട്ടുക്കൽ തുളസി തുടങ്ങിയവർ സംസാരിച്ചു.

ലോക വനിതാ ദിനത്തിൽ റെയിൽവേയിലെ മികച്ച വനിതാ ജീവനക്കാരിക്കുള്ള അവാർഡ് നേടിയ തൈക്കാട് റെയിൽവേ ഡിവിഷണൽ ഓഫീസിലെ സീനിയർ സെക്ഷൻ ഓഫീസർ അംബികാ വേലായുധൻ

ഇന്ന് നഗരത്തിൽ ഗതാഗത നിയന്ത്രണം

തിരുവനന്തപുരം: ഇന്ന് നഗരത്തിൽ സെക്രട്ടേറിയറ്റ് മാർച്ചും രാജ്ഭവൻ മാർച്ചും നടക്കുന്നതിനാൽ മാർച്ച് തീരുന്നത് വരെ വെള്ളയമ്പലം, മ്യൂസിയം, പാളയം, വി.ജെ.ടി, സ്റ്റാച്യൂ, പുളിമൂട്, ആയുർവേദകോളേജ്, ഓവർബ്രിഡ്ജ്, പഴവങ്ങാടി, കിഴക്കേകോട്ട റോഡിലൂടെയുള്ള ഗതാഗതം പൊതുജനങ്ങൾ ഒഴിവാക്കേണ്ടതാണ്.

നെടുമങ്ങാട് നിന്ന് കിഴക്കേകോട്ടയിലേക്കുള്ള വാഹനങ്ങൾ പേരൂർക്കടയിൽ നിന്ന് തിരിഞ്ഞ് ശാസ്തമംഗലം, ഇടപ്പഴിഞ്ഞി, എസ്.എം.സി, വഴുതക്കാട് വഴിയും കിഴക്കേകോട്ടയിൽ നിന്ന് പേരൂർക്കട, നെടുമങ്ങാട് ഭാഗത്തേക്കുള്ള വാഹനങ്ങൾ കോർപറേഷൻ പോയിന്റിൽ നിന്നു തിരിഞ്ഞ് നന്തൻകോട്, ദേവസ്വംബോർഡ്, ടി.ടി.സി വഴിയും പോകണം.

വഴുതക്കാട് നിന്നു വെള്ളയമ്പലത്തേക്കുള്ള വാഹനങ്ങൾ എസ്.എം.സി, ഇടപ്പഴിഞ്ഞി, ശാസ്തമംഗലം, പേരൂർക്കട വഴി പോകണം.

വെള്ളായണി ദേവീക്ഷേത്രത്തിൽ ഉത്സവം നടക്കുന്നതിനാൽ ഉച്ചയ്ക്ക് ശേഷം 3 മുതൽ തിരുവാഭരണഘോഷയാത്ര കഴിയുന്നത് വരെ നേമം, വെള്ളായണി, ശാന്തിവിള, കല്ലിയൂർ, പുന്നമൂട് എന്നിവിടങ്ങളിൽ ഗതാഗതനിയന്ത്രണം ഉണ്ടാകും.

കവടിയാർ വഴി ചീറിപ്പാഞ്ഞാൽ പിടിവീഴും

- നഗരത്തിന്റെ വിവിധയിടങ്ങളിൽ പുതിയ നിരീക്ഷണകാമറകൾ സ്ഥാപിക്കുന്നു

തിരുവനന്തപുരം: നിരന്തരമായുള്ള അപകടങ്ങളുടെ പശ്ചാത്തലത്തിൽ മത്സരയോട്ടങ്ങൾക്കും നിയമലംഘനങ്ങൾക്കും അറുതിവരുത്താനായി കവടിയാർ- വെള്ളയമ്പലം റോഡിൽ പുതിയ നിരീക്ഷണകാമറകൾ സ്ഥാപിക്കുന്നു. ഇവിടത്തെ മത്സരയോട്ടത്തെപ്പറ്റി അനവധി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് മോട്ടോർ വാഹന വകുപ്പിന്റെയും പൊലീസിന്റെയും സംയുക്തമായ നടപടി. എട്ട് അത്യാധുനിക കാമറകളാണ് ഇവിടെ സ്ഥാപിക്കുന്നത്. ഇതുൾപ്പടെ നഗരത്തിൽ 56 പുത്തൻ കാമറകൾ സ്ഥാപിക്കും. കവടിയാറിലെ ജോലികൾ വ്യാഴാഴ്ചയോടെ പൂർത്തിയാകുമെന്ന് അധികൃതർ അറിയച്ചു. പൊലീസ് കൺട്രോൾ റൂമിനാണ് കാമറകളുടെ നിയന്ത്രണം. വളരെ ദൂരത്ത് നിന്നുപോലും വാഹനത്തിന്റെ നമ്പർ കാണാവുന്ന തരത്തിലുള്ള കാമറകളാണ് ഇവിടെ സജ്ജമാകുന്നത്. നിയമലംഘനം നടത്തുന്ന വാഹനങ്ങളെ 100 മീറ്ററിന് മുമ്പേ കാമറകൾ ഒപ്പിയെടുക്കും. ഇതോടെ അമിതവേഗതയ്ക്കും നിയമലംഘനത്തിനും പിടിവീഴും. ഈ മാസത്തോടെ കാമറകൾ പൂർണമായി പ്രവർത്തിച്ച് തുടങ്ങും. മൂന്ന് മാസത്തിനിടയിൽ നഗരത്തിന്റെ വിവിധ സ്ഥലങ്ങളിൽ കാമറകൾ സ്ഥാപിക്കുന്ന ജോലികൾ പൂർത്തിയാകുമെന്ന് അധികൃതർ പറഞ്ഞു.

കവടിയാർ- വെള്ളയമ്പലം റോഡിൽ സ്പീഡ് കാമറകൾ സ്ഥാപിക്കുന്നു

ശംഖുംമുഖം ദേവിക്ക് നവരാത്രി ട്രസ്റ്റ് സമർപ്പിച്ച നെറ്റിപ്പട്ടവും തിടമ്പും അശ്വതി തിരുനാൾ ഗൗരിലക്ഷ്മി ബായി ക്ഷേത്ര മേൽശാന്തി എസ്. കൃഷ്ണൻപോറ്റിക്ക് കൈമാറുന്നു. ട്രസ്റ്റ് സ്ഥാപക ടി. രത്നമ്മ സമീപം